ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും കാർഷികാവശ്യത്തിന് ജലം വിതരണം ചെയ്യുന്നില്ല. ആയതിനാൽ, ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രത്യേക ഉപഭോക്താക്കൾ ഇല്ല.

(ബി) ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഉടനെ അടച്ചു തീർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസുകൾ അതോറിറ്റിയുടെ ബന്ധപ്പെട്ട റവന്യൂ ഓഫീസുകളിൽ നിന്നും നൽകി വരുന്നു. മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളെ കുടിശ്ശിക അടയ്ക്കാൻ പ്രേരിപ്പിച്ചും സ്ഥാപനങ്ങളുടെ മേധാവികളുമായി ബന്ധപ്പെട്ടും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്തിവരുന്നു. ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് മുൻകൂർ നോട്ടീസ് നൽകി വാട്ടർ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തുവരുന്നു. എന്നിട്ടും കുടിശ്ശിക ഒടുക്കാത്ത ഉപഭോക്താക്കൾക്ക് എതിരെ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചു വരുന്നു.

(സി) 31-3-2003-ലെ കണക്കനുസരിച്ച് പ്രസ്തുത നഗരങ്ങളിലെ ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ള വെള്ളക്കരം താഴെ കൊടുക്കുന്നു :

തിരുവനന്തപുരം	–	60.27 കോടി രൂപ
കൊച്ചി	–	14.63 കോടി രൂപ
കോഴിക്കോട്	–	20.76 കോടി രൂപ
ആകെ		95.66 കോടി രൂപ

ഇതിൽ 60 കോടി രൂപയോളം സർക്കാർ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ളതാണ്.

ഏരിയ അനുസരിച്ച് വെള്ളക്കരം ഒടുക്കുന്ന രീതി

79 (2357) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പ്രാവശ്യം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം ഒടുക്കേണ്ട രീതി സംബന്ധിച്ച് ലളിതമായി വിശദീകരിക്കാമോ ;

(സി) ഏരിയ അനുസരിച്ച് വെള്ളക്കരം ഒടുക്കുന്ന രീതി നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ കാലയളവിൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപഭോക്താക്കൾ മാസംതോറും പ്രൊവിഷണൽ ഇൻവോയ്സ് നിരക്കിൽ വെള്ളക്കരം അടുക്കേണ്ടതാണ്. പ്രൊവിഷണൽ ഇൻവോയ്സ്, കണക്ഷൻ നൽകുമ്പോൾ കൊടുക്കുകയും ആവശ്യമാകുമ്പോൾ കാർഡ് പുതുക്കുകയും ചെയ്യുന്നുണ്ട്. ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ക്രമീകരണ ബില്ലുകളും നൽകിവരുന്നു. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ദ്വൈമാസബില്ലിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ഘട്ടംഘട്ടമായി മറ്റു സ്ഥലങ്ങളിലും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇല്ല.

വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ

80 (2358) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര കുടിവെള്ള പദ്ധതികൾ വൈദ്യുതി ചാർജ് അടയ്ക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി ചാർജ് അടയ്ക്കാൻ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിക്കുന്നതിന് എന്തെങ്കിലും വിലക്ക് നിലവിലുണ്ടോ ?

ഉത്തരം

(എ) വൈദ്യുതി ചാർജ് അടയ്ക്കാത്തതുമൂലം കേരള സംസ്ഥാനത്ത് വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ മുടങ്ങി കിടക്കുന്നില്ല.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വൈദ്യുതി ചാർജ് അതോറിറ്റിയുടെ ഫണ്ടിൽ നിന്നുമാണ് വൈദ്യുതി ബോർഡിന് അടയ്ക്കുന്നത്. ഇതിന് സർക്കാർ വിലക്ക് ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

വെള്ളക്കരം വർദ്ധിപ്പിക്കാതെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

81 (2359) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗാർഹിക-ഗാർഹികേതര ഉപയോഗത്തിനുള്ള വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly